**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2436** **14.06.2019-ൽ മറുപടിക്ക്**

വൈദ്യുതി പ്രസരണ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>" എൻ. ഷംസുദ്ദീൻ<br>" ടി.എ.അഹമ്മദ് കബീർ<br>"പി.കെ.ബഷീർ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന ശരാശരി വൈദ്യുതി പ്രസരണ നഷ്ടം എത്രയായിരുന്നു; വിശദമാക്കാമോ; | (എ) സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 14.37 ശതമാനം ആയിരുന്നു. |
| (ബി) പ്രസരണ നഷ്ടം ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതു മൂലം എത്ര രൂപയുടെ പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ; | (ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് വർഷംതോറും പ്രസരണനഷ്ടം കണക്കാക്കുകയും അത് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ആധുനികവത്കരണത്തിന്റെ ഭാഗമായി സബ്സ്റ്റേഷനുകൾ, 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണ ങ്ങൾ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കു ന്നുണ്ട്. പ്രസ്തുത പദ്ധതികൾ വാർഷിക ആസൂത്ര ണത്തിൽ ഉൾപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുപരിയായി പത്തു വർഷത്തേയ്ക്കുള്ള ദീർഘകാല പ്രസരണപദ്ധതികൾ ആസൂത്രണം ചെയ്തു അവ നടപ്പിലാക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനായി പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും ആകെ 10000 കോടി രൂപയുടെ ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് |

ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർക്കാർ സംരംഭമായ KIIFB വഴി ഈ പദ്ധതിക്കുള്ള ഫണ്ട്സ്വരൂപിക്കാൻ ഉത്തരവാകു കയും, 5200 കോടിക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പദ്ധതി വിവിധ ഘട്ട ങ്ങളിലായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടു ള്ളത്. 4745.77 കോടി രൂപ ചെലവ് പ്രതീക്ഷി ക്കുന്ന ഒന്നാം ഘട്ട പദ്ധതി 2021ഓടെയും 1630 കോടി രൂപയുടെ രണ്ടാം ഘട്ട പദ്ധതി 2024 ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടു ള്ളത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കു ന്നതോടു കൂടി വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാ നാകുമെന്ന് കണക്കാക്കുന്നു.

കൂടാതെ കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും, വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും, കേടായ മീറ്ററുകൾ മാറ്റിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയും, വൈദ്യുതി ബോർഡ് സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2016 മുതൽ (2 വർഷം കൊണ്ട്) 2017-18 സാമ്പത്തിക വർഷാ വസാനം പ്രസരണ വിതരണ നഷ്ടം 13.07 ശതമാനത്തിലേക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് 2018-19 സാമ്പത്തിക വർഷത്തിൽ 12.65% ലേക്ക് കുറക്കാൻ സാധിച്ചെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്.

വൈദ്യുതി പ്രസരണലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടം/ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളായി നടപ്പിലാക്കി വരുന്നു.

- എച്ച്.ടി ലൈനുകളും എൽ.റ്റി ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
- 11 കെ.വി 33 കെ.വി ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
- കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
- കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ

ലൈനുകളും സ്ഥാപിക്കുക.

- എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള മെച്ചപ്പെട്ട പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.
- സിസ്റ്റം പവർഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2016-17 വർഷത്തിൽ വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി 181.04 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 15 പുതിയ സബ്സ്റ്റേഷനുകളും, 1919.77 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 2270 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 5357 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും സ്ഥാപിക്കുകയും, 4.69 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ബോർഡ് ചെയ്തിട്ടുണ്ട്.

2017-18 വർഷത്തിലേയ്ക്ക് ഏകദേശം 134.27 സർക്യൂട്ട് കിലോമീറ്റർ എച്ച്.ടി. ലൈനുകളും 16 പുതിയ സബ്സ്റ്റേഷനുകളും, 1785 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 2353 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3130 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകൾ സ്ഥാപിക്കുകയും, 12.37 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ബോർഡ് ചെയ്തിട്ടുണ്ട്.

പ്രസ്തുത നടപടികൾ വഴി 2016 മുതൽ 2017-18 വരെ ഏകദേശം 484.29 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും അതുവഴി 169.50 കോടിയോളം രൂപ വൈദ്യുതി വാങ്ങുന്നതിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസരണ നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനായി പ്രതിവർഷം വേണ്ടിവരുന്ന ആവർത്തന ചെലവ് എത്രയാണ് ; വിശദമാക്കാമോ? | (സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്കായി പ്രധാനമായും മൂലധനച്ചിലവാണ് ഉണ്ടാകുന്നത്. ഈ ഇനത്തിൽ ആവർത്തന ചിലവ് ഉണ്ടാകാറില്ല. |

സെക്ഷൻ ഓഫീസർ